**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഭാരതീയ ദളിത് സാഹിത്യ അക്കാദമിയുടെ 2018 ലെ ഡോ.അംബേദ്കർ പുരസ്കാരത്തിന് അർഹനായ കല്ലറ ഗ്രാമപഞ്ചായത്ത് 13-ാം വാർഡ് മെമ്പർ ശ്രീ. എം.മണിയന് ന്യൂഡൽഹിൽ വച്ച് നടക്കുന്ന പുരസ്കാരദാന ചടങ്ങിൽ പങ്കെടുക്കുന്നതിനുള്ള യാത്രാചെലവിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3093/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05/12/2018

---

പരാമർശം:- 1. കല്ലറ ഗ്രാമപഞ്ചായത്തിന്റെ 09/11/2018 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 30/1-ാം നമ്പർ തീരുമാനം.

2. കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/11/2018 ലെ എ 4_7584/201 8 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമ പഞ്ചായത്ത് 13-ാം വാർഡ് മെമ്പർ ശ്രീ.എം മണിയൻ ന്യൂഡെൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരതീയ ദളിത് സാഹിത്യ അക്കാദമിയുടെ 2018 ലെ ഡോ.അംബേദ്കർ പുരസ്കാരത്തിന് അർഹനായതിനാൽ യാത്രയ്ക്കുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരിശോധിക്കുകയും ശ്രീ.എം മണിയൻ സാമ്പത്തികമായി വളരെ പിന്നോക്കമായതിനാലും ഗ്രാമസ്വരാജ് എന്നവിഷയത്തെ ആസ്പദമാക്കി ടിയാൾ രചിച്ച കവിതയ്ക്ക് അവാർഡ് ലഭിച്ചതിനാലും ടിയാൾ അവാർഡ് സ്വീകരിക്കുന്നത് പഞ്ചായത്ത് വകുപ്പിന്റെ പ്രശസ്തിയ്ക്ക് കാരണമാകുന്നതിനാലും ശ്രീ.എം മണിയന് അവാർഡ് സ്വീകരിക്കുന്നതിനുള്ള യാത്രാ ചെലവിനത്തിൽ 5,000/- (അയ്യായിരം) രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലെ ഡോ.അംബേദ്കർ പുരസ്കാരത്തിന് അർഹനായ കല്ലറ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ.എം മണിയന് അവാർഡ് സ്വികരിക്കുന്നതിനുള്ള യാത്രാ ചെലവിനത്തിൽ 5,000/- (അയ്യായിരം)രൂപ കല്ലറഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനാമോൾ കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, കല്ലറ ഗ്രാമപഞ്ചായത്ത്, കല്ലറ.പി.ഒ, തിരുവനന്തപുരം- 695608

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.